**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2632** **27-02-2023 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ബാങ്കിലെ ആർ.ടി.ജി.എസ്., നെഫ്റ്റ് എന്നീ സംവിധാനങ്ങൾ ഫലപ്രദമായി നടപ്പിലാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **കേരള ബാങ്കിന്റെ ഹെഡ്ഓഫീസ്, 7 റീജിയണൽ ഓഫീസുകൾ, കോർപ്പറേറ്റ് ബിസിനസ് ഓഫീസ്, 13 ജില്ലാതല ക്രെഡിറ്റ് പ്രൊസസ്സിംഗ് സെന്ററുകൾ, 769 ബ്രാഞ്ചുകൾ ഉൾപ്പെടെ 2022 ഡിസംബർ മാസം 26-ാം തീയതി മുതൽ ഏകീകൃത കോർ ബാങ്കിങ് സൊല്യൂഷ്യനിലേക്ക് (Finacle 10x) മാറിയിട്ടുണ്ട്. ബാങ്കിന്റെ 769 ബ്രാഞ്ചുകൾക്കും IFSC റിസർവ് ബാങ്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതു മുഖാന്തിരം RTGS/NEFT സംവിധാനങ്ങൾ കേരള ബാങ്കിൽ തടസ്സം കൂടാതെ ഉപയോഗിക്കുവാൻ കഴിയുന്നുണ്ട്.** |
| (ബി) | കേരള ബാങ്കിലേക്ക് ലയിച്ച ജില്ലാ ബാങ്കുകളിൽ നിന്ന് ഓൺലൈനായി പണം ട്രാൻസ്ഫർ ചെയ്താൽ ബന്ധപ്പെട്ട അക്കൗണ്ട് ഉടമകൾക്ക് ആയത് ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | **CBS മൈഗ്രേഷൻ പൂർത്തീകരിക്കുന്നതിന് മുമ്പ് കേരള ബാങ്കിൽ മൊബൈൽ ബാങ്കിങ് സംവിധാനം സമ്പൂർണ്ണമായിരുന്നില്ല. ആ കാലയളവുകളിൽ ഓൺലൈനായി പണം ട്രാൻസ്ഫർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചുരുക്കം അസൗകര്യങ്ങൾ ചില ഇടപാടുകാർക്ക് ഉണ്ടായിട്ടുണ്ട്. മൈഗ്രേഷൻ പൂർത്തീകരിച്ചതിനു ശേഷം എല്ലാ ഇടപാടുകാർക്കും മൊബൈൽ ബാങ്കിങ് സേവനം RTGS/NEFT എന്നിവ പ്രദാനം ചെയ്യുവാൻ കേരള ബാങ്ക് പര്യാപ്തമായി കഴിഞ്ഞു.** |
| (സി) | സർക്കാരിന്റെ വിവിധ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നവർ, വിവിധ ആനുകൂല്യങ്ങളിലൂടെ ധനസഹായം ലഭിക്കുന്നവർ, മാസംതോറും അക്കൗണ്ടിൽ പണം എത്തേണ്ടവർ എന്നിവർക്കൊന്നും യഥാസമയം പണം ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | **കേരള ബാങ്കിന്റെ CBS മൈഗ്രേഷന് മുൻപ് ചില ജില്ലകളിൽ ഉണ്ടായിരുന്ന PFMS (Public Financial Management System) സംവിധാനത്തിന് ചുരുക്കം ചില തടസ്സങ്ങൾ ഉണ്ടാകുകയും അതുമൂലം സർക്കാരിന്റെ വിവിധ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നവർക്ക് തടസ്സങ്ങൾ നേരിടുകയും ചെയ്തിട്ടുണ്ട്. ആയത് ബാങ്ക് ഭാഗികമായി പരിഹരിച്ചിട്ടുണ്ട്. കേരള ബാങ്കിന്റെ ഏകീകൃത സോഫ്റ്റ് വെയറിലൂടെ PFMS** |

| | | | |
|---|---|---|---|
| | | | **സംവിധാനം live ആകുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാവിധ തടസ്സങ്ങളും പൂർണ്ണമായും പരിഹരിക്കാൻ സാധിക്കുന്നതാണ്.** |
| (ഡി) | കേരള ബാങ്ക് എ.ടി.എം. കളിൽ മിനിമം ഇടപാടുകൾ അധികരിക്കുമ്പോൾ ഉയർന്ന യൂസർ ഫീസ് ഈടാക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | **റെഗുലേറ്റർമാർ (റിസർവ് ബാങ്ക്/നബാർഡ്) നിഷ്കർഷിച്ചിട്ടുള്ള ഫീസ് മാത്രമാണ് എ.ടി.എം കാർഡ് ഉപയോഗത്തിൽ ഈടാക്കുന്നത്** |
| (ഇ) | എങ്കിൽ പ്രസ്തുത പരാതികൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) | **റെഗുലേറ്റർമാർ (റിസർവ് ബാങ്ക്/നബാർഡ്) നിഷ്കർഷിച്ചിട്ടുള്ള ഫീസ് മാത്രമാണ് എ.ടി.എം കാർഡ് ഉപയോഗത്തിൽ ഈടാക്കുന്നത്** |

സെക്ഷൻ ഓഫീസർ